## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2115** 07.12.2015-ൽ മറുപടിയ്ക്ക്

**ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി.ടി.എ.റഹീം** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) മരം, ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണറിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങളുണ്ടോ; വിശദമാക്കാമോ ; | (എ) | നിയന്ത്രണങ്ങളുണ്ട്. 30.10.2002 -നു മുമ്പ് മുതൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റുകളോട് ചേർന്ന് പ്രസ്തുത തീയതിക്ക് മുമ്പ് പ്രവർത്തനമാരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് മാത്രമേ തുടർന്നും അതേ മാതിരി പ്രവർത്തിക്കാൻ അനുമതിയുള്ളു. |
| (ബി) പുതുതായി ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി. നൽകുന്നുണ്ടോ ; ഇവ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | പുതുതായി തുടങ്ങുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനംവകുപ്പ് ലൈസൻസ് അനുവദിക്കുന്നുണ്ട്. ലൈസൻസ് ലഭിക്കുന്നതിനായി നിശ്ചിത ഫീസടച്ച് നിശ്ചിത ഫോറത്തിൽ ലൈസൻസിനായുള്ള അപേക്ഷ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. ലൈസൻസ് ലഭിക്കുന്നതിന് 03.08.2012-ലെ സ.ഉ.(സാധാ)398/2012/വനം നമ്പർ ഉത്തരവു പ്രകാരമുള്ള ഒറ്റത്തവണ നിക്ഷേപം അടയ്ക്കേണ്ടതുമുണ്ട്. |

| | | |
|---|---|---|
| (സി) | നിലവിലുള്ള ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വിശദമാക്കുമോ ? | 30.10.2002-ന് മുമ്പ് മുതൽ പ്രവർത്തിച്ചു വരുന്ന ഈർച്ച മില്ലിനോട് ചേർന്ന് പ്രസ്തുത തീയതിക്ക് മുമ്പ് പ്രവർത്തനമാരംഭിച്ച ഫർണിച്ചർ യൂണിറ്റുകൾക്ക് മാത്രമേ നിലവിൽ അതേ മാതിരി പ്രവർത്തിക്കുന്നതിന് അനുമതിയുള്ളൂ. ബാക്കിയുള്ള ഈർച്ച മില്ലുകളോടനുബന്ധിച്ച് ഫർണിച്ചർ യൂണിറ്റ് കൂടി പ്രവർത്തിപ്പിക്കുവാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ